പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2964 — 02.04.2013 - ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിലെ പ്രധാന ബൈപ്പാസ്സുകളിൽ സബ്‌വേകൾ നിർമ്മിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |

(എ) ദേശീയപാത വീതികൂട്ടുന്ന നടപടി പൂർത്തിയാകുമ്പോൾ ആലപ്പുഴ ജില്ലയിൽ കാൽനടയാത്രക്കാർക്കും, ഇരുചക്രവാഹന യാത്രക്കാർക്കും ഹൈവേ കുറുകേ കടക്കുന്നതിനു വലിയ ബുദ്ധിമുട്ടുകൾനേരിടുമെന്നും, കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുമെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുതബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണു സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുതബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഹൈവേ വികസനസമിതിയുടെയും കേന്ദ്രസർക്കാരിന്റെയും മുമ്പാകെ സംസ്ഥാനസർക്കാർ സമർപ്പിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുതനിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമായ ഉറപ്പുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

**ഉത്തരം**

(എ) (ബി) (സി) & (ഡി) ദേശീയപാത 47 വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പണികൾ ദേശീയപാത വികസന പദ്ധതി പ്രകാരം കൺസൾട്ടന്റ് മുഖാന്തിരം ഉണ്ടാക്കിയ ഒരു ഡി.പി.ആർ. അടിസ്ഥാനപ്പെടുത്തി എൻ.എച്ച്.എ.ഐ ആണ് ,ചെയ്യുന്നത്. പ്രസ്തുത ഡി.പി.ആർ. റോഡ് സുരക്ഷയും കാൽനടക്കാരുടെയും ഇരുചക്ര വാഹനങ്ങളുടെയും സുരക്ഷിതത്വവും കണക്കിലെടുത്താണ് വിഭാവനം ചെയ്തിട്ടുള്ളത്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് ദേശീയപാത വികസന പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

(ഇ) ദേശീയപാത വീതികൂട്ടുമ്പോൾ പ്രധാന ബൈപ്പാസ്സുകളിലെല്ലാം വാഹനങ്ങൾക്കു പോകാവുന്നത്ര സൗകര്യമുള്ള സബ്‌വേകൾ (അണ്ടർഗ്രൗണ്ട് പാസ്സേജുകൾ) നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ചേർത്തലയിൽ പൊന്നാംവെളി, വയലാർ കവല, ഒറ്റപ്പുന്ന ജംഗ്ഷൻ, റെയിൽവേ സ്റ്റേഷൻ, അർത്തുങ്കൽ ബൈപ്പാസ്, എക്സ്റേ ജംഗ്ഷൻ, 11-ാം മൈൽ എന്നിവിടങ്ങളിൽ സബ്‌വേകൾ നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

(ഇ) & (എഫ്) ഇതുസംബന്ധിച്ച ഡി.പി.ആറിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വാഹനങ്ങൾക്കുള്ള അണ്ടർ പാസ്സേജുകളും കാൽനടയാത്രക്കാർക്കുള്ള അണ്ടർ പാസ്സേജുകളും നിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്:-

**<u>വാഹനങ്ങൾക്കുള്ള അണ്ടർ പാസ്സേജുകൾ:</u>**

ഹരിപ്പാട് - കി.മീ. 443/500
കായംകുളം - കി.മീ. 456/400
ഓച്ചിറ - കി.മീ. 461/600

**<u>കാൽനടയാത്രക്കാർക്കുള്ള അണ്ടർ പാസ്സേജുകൾ:</u>**

ആലപ്പുഴ ബൈപ്പാസ് - കി.മീ.409/565
ആലപ്പുഴ ബൈപ്പാസ് - കി.മീ.409/685
ആലപ്പുഴ ബൈപ്പാസ് - കി.മീ.413/600
തോട്ടപ്പള്ളി - കി.മീ.432/960
ഡാണാപ്പടി - കി.മീ.441/765

സെക്ഷൻ ഓഫീസർ